(എ) ടൂറിസം മേഖലകളുമായി ബന്ധപ്പെട്ട് വകുപ്പ് മന്ത്രി, സെക്രട്ടറി, ഡയറക്ടർ എന്നിവർ നടത്തുന്ന യാത്രയ്ക്ക് ഏത് സ്ഥാപനത്തിൽ നിന്നാണ് ടാത്രാ ടിക്കറ്റ് വാങ്ങുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ചെലവിൽ നടത്തുന്ന യാത്രയ്ക്ക് കേരളത്തിലെ പൊതുമേഖലാ സ്ഥാപനമായ ഓ.ഡി.ഇ.പി.സി.-യിൽ നിന്ന് ടിക്കറ്റ് വാങ്ങണം എന്ന സർക്കാർ നിബന്ധന പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) തിരുവനന്തപുരം ആസ്ഥാനമായ കേരളാ ട്രാവൽസ്, എയർട്രാവൽ എന്റർപ്രൈസസ് എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് ടിക്കറ്റ് വാങ്ങുന്നത്.

(ബി) പൊതുമേഖലാ സ്ഥാപനമായ ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സിയിൽ നിന്നും ടിക്കറ്റ് വാങ്ങണമെന്ന വ്യവസ്ഥയിൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വകുപ്പുകളെ ഉൾപ്പെടുത്തിയതായി കാണുന്നില്ല. (ഉത്തരവിന്റെ പകർപ്പ് അടക്കം ചെയ്തിരിക്കുന്നു).†

നരിക്കോട് വാഴമല പ്രദേശം വികസിപ്പിക്കാൻ നടപടി

82(1561) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ നരിക്കോട് വാഴമല പ്രദേശം വിനോദ സഞ്ചാര വകുപ്പിൽ ഉൾപ്പെടുത്തി വികസിപ്പിക്കമമെന്നാവശ്യപ്പെട്ട് നരിക്കോട് വാഴമല വിനോദസഞ്ചാര സാമൂഹ്യ വികസന കമ്മിറ്റി വിനോദസഞ്ചാര വകുപ്പിന് നൽകിയ നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ നരിക്കോട്, വാഴമല എന്നീ പ്രദേശങ്ങൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ അധീനതയിലായതിനാൽ ഇവിടുത്തെ ഇക്കോടൂറിസം സാധ്യതകളെക്കുറിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് ആവശ്യപ്പെട്ടു. കണ്ണൂർ ഡി.എഫ്.ഒ. പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ സൂക്ഷ്മാസൂത്രണ രേഖ (മൈക്രോപ്ലാൻ) തയ്യാറാക്കിവരുന്നു.

കുട്ടനാടൻ പ്രദേശങ്ങളിലെ ടൂറിസം വികസന സാദ്ധ്യത

83(1562) ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എ) കുട്ടനാടൻ പ്രദേശങ്ങളിലെ ടൂറിസം വികസന സാദ്ധ്യത മുൻനിർത്തി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) കുട്ടനാടൻ മേഖലയിലെ കനാലുകൾ ശുചിയാക്കി കനാൽ ടൂറിസ ശൃംഖല സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) നിരണം പഞ്ചായത്തിലെ തോമത്ത് കടവിന്റെ ചരിത്രപരമായ പ്രാധാന്യം വിലയിരുത്തി പ്രസ്തുത സ്ഥലത്തെ ടൂറിസ്റ്റ് 'മാപ്പിൽ' ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്. പ്രധാപ്പെട്ടവ താഴെപ്പറയുന്നവയാണ്.

1. ആലപ്പുഴയിലെ കനാലുകളുടെ നവീകരണം.
2. വട്ടക്കായലിൽ ടൂറിസ്റ്റ് സമുച്ചയത്തിന്റെ നിർമ്മാണം.
3. പള്ളാത്തുരുത്തിയിലും കോതറത്തോടും നെടുമുടിയിലും ഹൗസ ബോട്ട് ടെർമിനലുകൾ.

(സി, ഡി) പരിശോധിക്കാവുന്നതാണ്.

വിദേശികൾ സംസ്ഥാനത്ത് താമസിക്കുമ്പോൾ ചെലവഴിക്കുന്ന ശരാശരി തുക

84(1563) ശ്രീ. കെ. സി.ജോസഫ്:

ശ്രീ. എം. എ. വാഹീദ്:

ശ്രീ. ഇ. എം.അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ). ഒരു വിദേശി സംസ്ഥാനത്ത് വിനോദസഞ്ചാരിയായിയെത്തി ഒരാഴ്ച താമസിക്കുമ്പോൾ സംസ്ഥാനത്തിന് എന്തു തുകയുടെ വരവുണ്ടാകുന്നതായി കണക്കാക്കപ്പെടുന്നു;

(ബി) ഒരു യൂറോപ്പുകാരനും അമേരിക്കക്കാരനും സംസ്ഥാനം സന്ദർശിച്ച് ഒരാഴ്ച താമസിക്കുന്ന പക്ഷം ഒരോരുത്തരും ശരാശരി എന്തു തുക വീതം ഇവിടെ ചെലവഴിക്കാറുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരു വിദേശി സംസ്ഥാനത്ത് വിനോദസഞ്ചാരിയായി എത്തി ഒരാഴ്ച താമസിക്കുമ്പോൾ സംസ്ഥാനത്തിന് 19,600 രൂപയുടെ വരവുണ്ടാകുന്നതായി കണക്കാക്കപ്പെടുന്നു.

GPM.2/571/2015—15

LIBRARY ARCHIVES Kerala Legislative Assembly